LIBRARY ARCHIVES Kerala Legislative Assembly

മുറിയങ്കണ്ണി പാലത്തിന്റെ പ്രവർത്തന പുരോഗതി

92 [674] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന മുറിയങ്കണ്ണി പാലത്തിന്റെ പ്രവർത്തനപുരോഗതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള എല്ലാ ബഡ്ജറ്റിലും മുറിയങ്കണ്ണി പാലത്തിന് പ്രൊവിഷൻ ഉണ്ടായിട്ടും പ്രസ്തുത പാലത്തിന്റെ പണി തുടങ്ങാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മുറിയങ്കണ്ണി പാലത്തിന്റെ പണി തുടങ്ങാനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) & (ബി) മുറിയങ്കണ്ണി പാലത്തിന്റെ പണി തുടങ്ങുന്നതിനായി ടെണ്ടർ വിളിച്ചുകഴിഞ്ഞു.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്.

കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയുടെ പണി

93 [675] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ. എസ്. ടി. പി.യുടെ രണ്ടാംഘട്ട അപ്ഗ്രഡേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയുടെ പണി ഇനിയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തി എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റോഡുവികസനത്തിന് ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനുള്ള കാലതാമസമാണ് കാരണം. പൊന്നുംവില നടപടികൾ പൂർത്തിയായിവരുന്നു.

(സി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തിയാക്കി അനുമതിക്കായി ലോകബാങ്കിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.